## ഗവ.യു.പി.എസ്.പാത്താമുട്ടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 -2026

# ആമുഖം.

കോട്ടയം ജില്ലയുടെ ഏകദേശം തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലാണ് ഗവ.യു.പി.എസ്.പാത്താമുട്ടം.പാഠ്യ -പാഠ്യേതര രംഗത്ത് ധാരാളം പ്രവർത്തനങ്ങൾ നടത്തിപ്പോരുന്ന ഒരു സ്കൂളാണിത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും ധാരാളം പ്രവർത്തനങ്ങളും പരിശീലനങ്ങളും നടന്നു പോരുന്നു.വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

ചിട്ടയായ ആസൂത്രണവും അവലോകനവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നടത്തുവാൻ സ്കൂളിന് കഴിയുന്നു.ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾക്ക് പരിഹാരമാർഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.ശാസ്ത്ര-പ്രവർത്തിപരിചയ മേളകളിൽ ശ്രദ്ധേയമായ സ്ഥാനം നേടാനും അതിനുതകുന്ന രീതിയിൽ പരിശീലനങ്ങൾ നടത്താനും സ്കൂളിന് കഴിയുന്നു.

# സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യൂ ജില്ല | - | കോട്ടയം |
| 2. | സ്കൂൾ കോഡ് | - | 33447 |
| 3. | സ്കൂളിന്റെ പേര് | - | ഗവ.യു.പി.എസ്.പാത്താമുട്ടം. |
| 4. | മേൽവിലാസം | - | പാത്താമുട്ടം. പി. ഓ. കോട്ടയം. |
| 5. | പിൻ കോഡ് | - | 686532 |
| 6. | ഇ -മെയിൽ അഡ്രസ്സ് | - | gupspathamuttam@gmail.com. |
| 7. | ഗ്രാമപഞ്ചായത്ത് | - | പനച്ചിക്കാട് |
| 8. | വിദ്യാഭ്യാസ ജില്ല | - | കോട്ടയം |
| 9. | സബ് ജില്ല | - | കോട്ടയം ഈസ്റ്റ് |
| 10. | ക്ലാസ്സുകൾ | - | 5 മുതൽ 7 വരെ |
| 11. | മാനേജ്മെന്റ് | - | ഗവൺമെന്റ് |
| 12. | പഠനമാധ്യമം | - | മലയാളം |

# <u>പാത്താമുട്ടം ഗവ .യു .പി .സ്കൂളിന്റെ ചരിത്രം</u>

പാത്താമുട്ടം,കുറിച്ചി,വാകത്താനം പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭാസത്തിന് ശേഷം ഉപരിപഠനത്തിന് ഒരു സ്കൂൾ ആവശ്യമായി വന്നു. ഈ അവസരത്തിൽ ഇവിടുത്തെ സാമൂഹിക-രാഷ്ട്രീയ രംഗത്തെ പ്രഗത്ഭരും പനച്ചിക്കാട് പഞ്ചായത്തിന്റെ ദീർഘകാല പ്രസിഡന്റുമായിരുന്ന കൊറ്റുകുളം ശ്രീ .കെ.വി. വർഗ്ഗീസ്,സഹോദരൻ എണ്ണശ്ശേരിൽ ഇ.കെ.എബ്രഹാം എന്നിവർ ചേർന്ന് സ്കൂളിന് ഒരേക്കർ സ്ഥലം നൽകി. 1956 ൽ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടത്തിന്റെ നിർമാണം ആരംഭിച്ചു. 1955 ജൂലൈയിൽ പണി ആരംഭിച്ച് 1956 മാർച്ച് മാസത്തിൽ പണി പൂർത്തിയാക്കുകയും ചെയ്തു. ഈ സ്കൂളിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയതും കൊറ്റുകുളം ശ്രീ.കെ.വി.വർഗ്ഗീസ് ആയിരുന്നു. ഇവിടെ 5,6,7 ക്ലാസ്സുകളിലെ കുട്ടികൾ പഠനം നടത്തി വരുന്നു.തുടക്കത്തിൽ ധാരാളം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. പിന്നീട് ചുറ്റുവട്ടത്തുള്ള എൽ.പി.സ്കൂളുകൾ പലതും അപ്ഗ്രേഡ് ചെയ്തപ്പോൾ ഇവിടെ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി.

# നേട്ടങ്ങൾ

*** അക്കാദമികം** ⇒ ഭാഷാശേഷി വികസിപ്പിക്കുന്നതിനും പഠനപിന്നോക്കാവസ്ഥ നേരിടുന്നതിനുമായി പിയർ ഗ്രൂപ്പ് ലേർണിംഗ് പോലെയുള്ള മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. മത്സര പരീക്ഷകൾക്കും ശാസ്ത്രമേളകൾക്കും ആവശ്യമായ രീതിയിൽ പരിശീലനങ്ങൾ നടത്തി വരുന്നു.

*** ഭൗതികം** ⇒ എല്ലാ ക്ലാസ്സ്മുറികളും ടൈൽ പാകിയും സീലിംഗ് ചെയ്തും മോടി പിടിപ്പിച്ചിട്ടുണ്ട്. വിശാലയമായ ഒരു കളിസ്ഥലം നിലവിലുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ ശൗചാലയങ്ങൾ ഉണ്ട്. പെൺകുട്ടികളുടെ ശൗചാലയത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

*** സാമൂഹികം** ⇒ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം മികച്ച രീതിയിൽ നടന്നു പോരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു.

# പരിമിതികൾ

* **അക്കാദമികം** ⟹ 5,6,7 ക്ലാസ്സുകൾ മാത്രമായതിനാലും സമീപത്തായി ഹൈസ്കൂൾ,ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂളുകൾ പ്രവർത്തിക്കുന്നതിനാലും കുട്ടികളെ ലഭിക്കുന്നില്ല.

* **ഭൗതികം** ⟹ മതിയായ എണ്ണം മുറികളുടെ അഭാവം നേരിടുന്നു. പ്രത്യേകമായ ഐ.ടി.ക്ലാസ്സ്മുറി ഊണ് മുറി ലൈബ്രറി എന്നിവ വലിയ പരിമിതിയാണ്. ആവശ്യമായ തരത്തിൽ ഐ.ടി.ഉപകരണങ്ങളുടെ കുറവ് ഐ.ടി. പഠനം ദുഷ്കരമാക്കുന്നു. സ്റ്റേജ് ന്റെ അഭാവവും നേരിടുന്നു.

* **സാമൂഹികം** ⟹ പി.ടി.എ, സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ എന്നിവ ശക്തമല്ലാത്തത് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ മികവിനെ ബാധിക്കുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം.
* ഗണിതശേഷി വികസനം.
* വായനാശേഷി വികസനം.
* ലൈബ്രറി ശാക്തീകരണം.
* സ്കോളർഷിപ് പരീക്ഷ പരിശീലനം.
* പഠനയാത്രകൾ .
* പ്രവർത്തി -പരിചയ പരിശീലനം.
* പച്ചക്കറിത്തോട്ടം.
* സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ.
* ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ.
* ഐ.ടി.പഠനം കാര്യക്ഷമമാക്കൽ.
* ക്ലാസ്സ് പി.ടി.എ. കാര്യക്ഷമമാക്കൽ.

# മേഖല -യു .പി . മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം,ആശയസംവേദനം എന്നിവ നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br><br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ,കവിത,യാത്രാനുഭവം അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു.<br><br>**ഭാഷാകേളി**<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്**<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട | ജൂൺ മാസം<br><br>എല്ലാ മാസവും | മലയാളം അദ്ധ്യാപകൻ<br><br>മലയാളം അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം വായനാദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ്സിലും സ്കൂൾ അസ്സംബ്ലിയിലുമായി നടത്തുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകൻ |
| 2. പഠിതാക്കൾ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുന്നു. | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണങ്ങൾ ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>സ്കൂൾ ലൈബ്രറിയിൽ നിന്നും കഥ കവിത നോവൽ ജീവചരിത്രകുറിപ്പുകൾ ലേഖനങ്ങൾ എന്നിവ വായിക്കുന്നതിനുള്ള അവസരം നൽകുന്നു ,വായനക്കുറിപ്പുകൾ രേഖപ്പെടുത്തുന്നു ,സ്കൂൾ അസ്സംബ്ലിയിൽ വായിപ്പിക്കുന്നതിനും അവസരം നൽകുന്നു.<br><br>**വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു ക്ലാസ്സ് | എല്ലാ മാസവും<br><br>എല്ലാ മാസവും | മലയാളം അദ്ധ്യാപകൻ<br><br>മലയാളം അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | തല വായന പ്രോത്സാഹിപ്പിക്കുന്നു. അതാത് ദിവസങ്ങളിലെയും മാസങ്ങളിലെയും സംഭവങ്ങൾ [പ്രധാനപ്പെട്ടത്] ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ്സ് മത്സരം നടത്തുന്നു. | വർഷത്തിൽ 3 തവണ | മലയാളം അദ്ധ്യാപകൻ |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂലമനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം മുഖാമുഖം.**<br><br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br>വായനാവാരവുമായി ബന്ധപ്പെടുത്തി എഴുത്തുകാരെയും,സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന വീഡിയോകൾ കാണാൻ അവസരം നൽകുന്നു.<br><br>പരിസ്ഥിതിദിനത്തിന്റെ ഭാഗമായി സ്കൂളിനടുത്തുള്ള കർഷകന്റെ ഭവനം സന്ദർശിക്കുകയും അഭിമുഖം നടത്തുന്നതിനുള്ള അവസരം നൽകുകയും | വർഷത്തിൽ 1 തവണ | മലയാളം അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 4.മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും. | ചെയ്യുന്നു.<br>ഇ -കമ്പ്യൂട്ടിങ്<br>മുഴുവൻ കുട്ടികളെയും പരിശീലിപ്പിക്കുകയും അവരുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകൻ |
| 5.പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്ക്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ വാർഷികത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ കലാകാരന്മാരെ കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകൻ |

# മേഖല - യു .പി . ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരമൊരുക്കുന്നു. | **FOLLOW ME IF YOU CAN**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | ജൂൺ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ |
| | **LEND YOUR EARS**<br>ലളിതമായ ഇംഗ്ലീഷ് വിവരണങ്ങളും കഥകളും കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ |
| | **BREAKING NEWS**<br>ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം | ആഗസ്റ്റ് മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | ശ്രദ്ധിക്കുന്നു.<br><br>**MEET THE FOREIGNERS**<br><br>ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവരുടെ തനത് സംഭാഷണങ്ങളുടെ വീഡിയോ കാണിക്കുന്നു. ഭാഷാ പ്രയോഗം ,ശൈലി ഇവ മനസ്സിലാക്കുന്നു. | ആഗസ്റ്റ് മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ |
| 2.ഭാവാത്മക വായന പരിശീലിക്കുന്നു. | **I TOO CAN**<br><br>വായനക്കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ പ്രോത്സാഹനം നൽകുന്നു.ലളിതമായ വാക്യചാർട്ടുകൾ വായിക്കുന്നു.<br><br>**READING CORNER**<br><br>ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നതിന് അവസരമൊരുക്കുന്നു. | ജൂലൈ മുതൽ<br><br>സെപ്റ്റംബർ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | **STAGING PERFORMANCE**<br><br>ഇംഗ്ലീഷ് കഥകൾ വായിച്ച് ഡ്രാമാരൂപത്തിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.<br><br>**READER OF THE MONTH**<br><br>ഇംഗ്ലീഷ് വായനക്ക് അവസരം നൽകി reader of the month നെ തെരഞ്ഞെടുക്കുന്നു. | ആഗസ്റ്റ് മുതൽ<br><br>സെപ്റ്റംബർ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ<br><br>ഇംഗ്ലീഷ് അദ്ധ്യാപകൻ |
| 3.തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുന്നതിന് പ്രാപ്തനാക്കുന്നു. | **ALERT ZONE**<br><br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ ഇവ തയ്യാറാക്കി പതിപ്പിക്കുന്നു.<br><br>**RUN BABY RUN**<br><br>ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നവ വായിച്ച ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതിക്കുന്നു. ആദ്യം എഴുതുന്ന ആൾ വിജയിക്കുന്നു. | ദിനാചരണ ങ്ങളിൽ<br><br>സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ<br><br>ഇംഗ്ലീഷ് അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | **FUN TIME FUN**<br><br>കടംകഥകൾ കുസൃതി ചോദ്യങ്ങൾ തുടങ്ങിയവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **ENGLISH ASSEMBLY**<br><br>ഇംഗ്ലീഷിൽ അസ്സംബ്ലി നടത്തുന്നതിന് പരിശീലിപ്പിക്കുന്നു.<br><br>**MY DICTIONARY**<br><br>പഠിച്ച വാക്കുകൾ ഉപയോഗിച്ച് ക്രമപ്പെടുത്തി dictionary തയ്യാറാക്കുന്നു.<br><br>**TENSE CHART**<br><br>പഠിച്ച ക്രിയാ വാക്കുകളുടെ present/past tense കൾ ചാർട്ടിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ജൂലൈമുതൽ<br><br>ഒക്ടോബർ മുതൽ<br><br>നവംബർ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ<br><br>ഇംഗ്ലീഷ് അദ്ധ്യാപകൻ<br><br>ഇംഗ്ലീഷ് അദ്ധ്യാപകൻ |

# മേഖല - യു .പി . ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരക്കാർഡ്<br>* അക്ഷരമാല പ്രദർശനം<br>* വാക്യങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം | ജൂൺ-ആഗസ്റ്റ് | ഹിന്ദി അദ്ധ്യാപകൻ |
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | *വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br><br>* I C T സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം നൽകുന്നു. | സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 3.ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | *ഹിന്ദി അസ്സംബ്ലി<br>*ദിനാചരണങ്ങൾ<br>*അധികവായനാസാമഗ്രികൾ<br>*ചിത്രസഹായത്തോടെ കഥ തയ്യാറാക്കൽ<br>*ചിത്രം നൽകി അടിക്കുറിപ്പ്, കഥപറയൽ, കഥ എഴുതൽ, കഥ പൂർത്തിയാക്കൽ എന്നിവ നടത്തുന്നു.<br>*ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ. | ആഴ്ചയിൽ 1 തവണ<br><br>അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകൻ |
| 4.തെറ്റ് കൂടാതെ ഹിന്ദി വായിക്കുന്നതിനുള്ള പരിശ്രമം | * നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുന്നു<br>* ഹിന്ദി ചിത്രകഥകളുടെ പ്രദർശനം | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകൻ |

# മേഖല -യു .പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | * ഐസിടി സാദ്ധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>* സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ ചുമർചിത്രങ്ങൾ തുടങ്ങിയവയിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 2.ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | * ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ പങ്കെടുത്ത് അടിസ്ഥാനഅറിവ് നേടിയെടുക്കുന്നു.<br>* പ്രകടനപത്രിക പ്രചാരണം മീറ്റ് ദി കാൻഡിഡേറ്റ്സ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 3.സാമൂഹ്യശാസ്ത്ര പഠനത്തെ കാര്യക്ഷമമാക്കുന്നതിന് | * അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസ് കൾ ഭൂപടങ്ങൾ എന്നിവയുടെ സജ്ജീകരണം.<br>* മോഡലുകൾ ചാർട്ടുകൾ എന്നിവയുടെ നിർമ്മാണം. | ജൂൺ ജൂലൈ മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4.പൗരാവബോധം വളർത്തിയെടുക്കുന്നതിന് | * ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രശ്നോത്തരികൾ സംഘടിപ്പിക്കുന്നു.<br>* മന്ത്രിസഭയിലെ മന്ത്രിമാരെയും അവരുടെ വകുപ്പുകളെയും മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 5.പ്രകൃതി ദുരന്തങ്ങളെ കുറിച്ച് ബോധവാന്മാരാകുന്നതിന് | * ഐസിടി സാദ്ധ്യതയിലൂടെ പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യം പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 6.ഭരണഘടനാ മൂല്യങ്ങൾ വളർത്തുന്നതിന് | * ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ആമുഖ വായന അസ്സംബ്ലിയിൽ നടത്തുന്നു.<br>* സ്വാതന്ത്ര്യ സമരനായകന്മാരുടെയും പരിഷ്കർത്താക്കളുടെയും വിഡിയോ പ്രദർശിപ്പിക്കുകയും പതിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 7.ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ | * ഇന്ത്യയുടെ നദികൾ മറ്റ് സവിശേഷതകൾ ഐസിടി | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര |

| | | | |
|---|---|---|---|
| വസ്തുതകളെ തിരിച്ചറിയുന്നതിന് | സാധ്യതയിലൂടെ പ്രദർശിപ്പിക്കുന്നു.<br>* ഭൂപട വായനക്കുള്ള പ്രവർത്തനങ്ങൾ കേരളപ്പിറവി റിപ്പബ്ലിക്ക് ദിനങ്ങളോട് അനുബന്ധിച്ച് ചെയ്യുന്നു. | നവംബർ, ജനുവരി | അധ്യാപകൻ |
| 8.അറിവിന്റെ അന്തർദേശീയ നിലവാരം സാധ്യമാകുന്നതിന് | * സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന പ്രശ്നോത്തരികൾ സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 9. ആനുകാലിക വിഷയങ്ങളോട് പ്രതിപത്തി വർദ്ധിപ്പിക്കുന്നതിന് | * സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം ചർച്ച എന്നിവ സംഘടിപ്പിക്കുന്നു.<br>*ട്രാഫിക് നിയമങ്ങൾ, സൈബർ സുരക്ഷ, ലഹരിവിരുദ്ധ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെ കൊണ്ട് ക്ലാസ്സുകൾ എടുപ്പിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 10. സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിന്<br><br>11. സാമൂഹ്യ സംഘങ്ങളെയും സ്ഥാപനങ്ങളെയും കുറിച്ച് അറിയുന്നതിന് | * എല്ലാ കുട്ടികൾക്കും കാണുവാനും വായിക്കുവാനും ഉതകുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കുകയും ചെയ്യുന്നു.<br>* ഓരോ മാസത്തേയും പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് തൊട്ടടുത്ത മാസം ആദ്യ വാരം സ്കൂൾ പത്രം തയ്യാറാക്കുന്നു.<br>* പത്രവാർത്തകൾ തയ്യാറാക്കുകയും അസ്സംബ്ലിയിൽ വായന നടത്തുകയും ചെയ്യുന്നു.<br>* ഹരിതകർമ്മസേന, കുടുംബശ്രീ എന്നിവയെക്കുറിച്ചുള്ള ധാരണ നേടുന്നതിനുള്ള പ്രവർത്തനം നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ |

# മേഖല - യു.പി. അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും,ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നതിന് | *പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം എന്നിവ ഉൾപ്പെടുത്തി വിദ്യാലയത്തെ ഹരിതാഭമാക്കുന്നു.<br>* ലഘു പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു.<br>* പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>വർഷത്തിൽ 1 തവണ | ശാസ്ത്ര അദ്ധ്യാപകൻ |
| 2. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം നടത്തുന്നതിന് | * ഐസിടി സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ പ്രദർശിപ്പിക്കുന്നു.<br>* ശാസ്ത്രകാരന്മാരുടെ ഡോക്യുമെന്ററി പ്രദർശനവും പതിപ്പ് തയ്യാറാക്കലും നടത്തുന്നു. | വർഷത്തിൽ 1 തവണ | ശാസ്ത്ര അദ്ധ്യാപകൻ |
| 3. ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുന്നു | * ശാസ്ത്രമേളകളിൽ മികവുറ്റ പങ്കാളിത്തം ഉറപ്പാക്കുക. | ഒക്ടോബർ | ശാസ്ത്ര അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നതിന് | * ഔഷധ സസ്യങ്ങളുടെ പേര് ചിത്രം ഉപയോഗം ഇംഗ്ലീഷനാമം ശാസ്ത്രനാമം എന്നിവ ഉൾപ്പെടുത്തി വായനക്കാർഡ് അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ തവണ | ശാസ്ത്ര അദ്ധ്യാപകൻ |
| 5. ശാരീരിക ആരോഗ്യത്തെ കൂടുതൽ മനസ്സിലാക്കുന്നതിന്. | * കുട്ടികളുടെ ഉയരം തൂക്കം എന്നിവ ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യ വാരം ആരോഗ്യരേഖ തയ്യാറാക്കുന്നു.<br>* പോഷകസമൃദ്ധമായ ഒരു ആഹാരത്തിന്റെ പാചകക്കുറിപ്പ് പരിചയപ്പെടുത്തുന്നു. | എല്ലാ മാസവും | ശാസ്ത്ര അദ്ധ്യാപകൻ |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **1.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു** | *** കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ സ്കൂളിൽ ലഭ്യമായിട്ടുള്ള കളിയുപകരണങ്ങൾ ഇവ ഉപയോഗിക്കുന്നു.**<br>*** ഗണിതത്തിലെ പട്ടികകൾ ഉറപ്പിക്കുന്നു.** | **ജൂൺ മാസം** | **ഗണിത അദ്ധ്യാപകൻ** |
| **2.രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും** | **ഒറിഗാമി ശില്പശാല**<br><br>*** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ കാർഡ്ബോർഡ് ചാർട്ട് മുതലായവ ഉപയോഗിച്ച് നിർമ്മിക്കാൻ,അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ.** | **അക്കാദമിക വർഷം** | **ഗണിത അദ്ധ്യാപകൻ** |

| | | | |
|---|---|---|---|
| 3.ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | * വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ.<br>* എല്ലാ ക്ലാസ്സിലും ഗണിതമൂല സജ്ജമാക്കൽ . | | |
| 4. ഗണിതം മധുരമാക്കൽ | * ഗണിത പാർക്ക് ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | വർഷത്തിൽ 1 തവണ | ഗണിത അദ്ധ്യാപകൻ |
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>* ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ (മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 2/3 തവണ | ഗണിത അദ്ധ്യാപകൻ |
| 6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | * ജ്യാമിതിയ രൂപങ്ങൾ ചതുഷ് ക്രിയകൾ ടാൻഗ്രാം പോലെയുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്കെത്തിക്കുന്നു | മാസത്തിൽ 1 | ഗണിത അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്<br><br>* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു,പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ 1 തവണ | ഗണിത അദ്ധ്യാപകൻ |
| 8.വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br><br>* അധ്യയനവർഷം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു,നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>* ഗണിത ശാസ്ത്രമേളയോടനുബന്ധിച്ച് വിവിധ ചാർട്ടുകൾ നമ്പർ പാറ്റേർണുകൾ ത്രെഡ് പാറ്റേർണുകൾ മുതലായവ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | ഗണിത അദ്ധ്യാപകൻ |

# ഉപസംഹാരം

പാത്താമുട്ടം ഗവ യു പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായിബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭാസം കുട്ടിയുടെ അവകാശമാണെന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് വിശ്വാസമുണ്ട്. ഇതിനായി പഠിതാക്കളുടെയും രക്ഷിതാക്കളുടെയും ജനപ്രധിനിധികളുടെയുംസഹായ സഹകരണങ്ങൾ ഉണ്ടാകുമെന്നും വിശ്വസിക്കുന്നു.